പതിനാലാം കേരള നിയമസഭ

പത്തൊമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 1645

10.03.2020 ൽ മറുപടിക്ക്

## കെ.എ.എസ് പരീക്ഷയുടെ നടത്തിപ്പ്

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. കെ.എസ്. ശബരീനാഥൻ | | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| എ) കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസ് പരീക്ഷയുടെ പ്രിലിമിനറി പരീക്ഷ കുറ്റമറ്റ രീതിയിൽ നടത്തുന്നതിന് പി.എസ്.സി.ക്ക് കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ; | എ) | കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസ് പ്രാഥമിക പരീക്ഷ കുറ്റമറ്റ രീതിയിൽ നടത്തുവാൻ സാധിച്ചിട്ടുണ്ട്. |
| ബി) കാസർകോഡ് സിവിൽ പോലീസ് ഓഫീസർ പരീക്ഷയിൽ നടത്തിയ രീതിയിലുള്ള തിരിമറി കെ.എ.എസ് പരീക്ഷയിലും നടത്താതിരിക്കുവാൻ കൈക്കൊണ്ട മുൻകരുതലുകൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ;<br>സി) പി.എസ്.സി. പരീക്ഷകൾ കുറ്റമറ്റതും പഴുതടച്ച രീതിയിലും നടത്തുന്നതിനും അതിന്റെ വിശ്വാസ്യത നിലനിർത്തുന്നതിനും നിലവിലുള്ള സംവിധാനം പര്യാപ്തമാണോ; എങ്കിൽ ഇത് കൂടുതൽ പരിഷ്കരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ബി) യും (സി) യും | പി.എസ്.സി. പരീക്ഷാ നടത്തിപ്പിൽ കാതലായ മാറ്റങ്ങൾ വരുത്തുകയും കൂടുതൽ കുറ്റമറ്റ രീതിയിൽ നടത്തുന്നതിന്റെ ഭാഗമായി മാർഗ്ഗ നിർദ്ദേശങ്ങൾ നടപ്പാക്കുകയും പരീക്ഷാ കേന്ദ്രത്തിൽ ഇലക്ട്രോണിക് ഉപകരണങ്ങൾ ഉപയോഗിക്കുന്നത് കർശനമായി നിരോധിക്കുകയും ചെയ്തിട്ടുണ്ട്. |
| ഡി) കെ.എ.എസ് പ്രിലിമിനറി പരീക്ഷയുടെ ആറ് ചോദ്യങ്ങൾ, 2001- ലെ പാക്കിസ്ഥാൻ സിവിൽ സർവ്വീസ് പരീക്ഷയുടെ ചോദ്യങ്ങൾ അതേപടി പകർത്തിയതാണെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; അത് എപ്രകാരം സംഭവിച്ചുവെന്ന് വിശദമാക്കുമോ? | ഡി) | കെ.എ.എസ്. പ്രാഥമിക പരീക്ഷയിലെ ചോദ്യങ്ങളും ഉത്തരങ്ങളും സംബന്ധിച്ച് ഉദ്യോഗാർത്ഥികൾ സമർപ്പിച്ച പരാതികൾ കമ്മീഷൻ വിദഗ്ദ്ധ സമിതിയെ നിയോഗിച്ച് പരിശോധിച്ചു വരികയാണ്. ചോദ്യങ്ങൾ പകർത്തിയതാണെന്ന പരാതികൾ നിലവിൽ ലഭിച്ചിട്ടില്ല. ചോദ്യങ്ങളുടെ ന്യൂനതകൾ സംബന്ധിച്ച് ലഭിച്ചിട്ടുള്ള പരാതികളിൽ കമ്മിഷൻ കൈക്കൊള്ളുന്ന തീരുമാനങ്ങൾക്കനുസരിച്ച് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ